രാജസ്ഥാനിലെ മഹോൽസവങ്ങൾ

—കോന്നിയൂർ ആർ. നരേന്ദ്രനാഥ്—

രാംദേവോൽസവം

പതിനഞ്ചാം നൂററാണ്ടിൽ മാർവാർ പ്രദേശത്തു ജീവിച്ചിരുന്ന ഒരു സിദ്ധനാണു രാംദേവജി. ഇദ്ദേഹം പാർത്തിരുന്ന ഗ്രാമത്തെ ഇന്നു രാംദേവഡാ എന്നു വിളിച്ചുവരുന്നു. അദ്ദേഹത്തെ മുസ്ലിംകൾ രാംഷാപീർ എന്നാണു പരാമർശിക്കുന്നതു്. രാംദേവ്ജിയുടെ പേരിൽ ഇന്നു് അവിടെ രാംസാർ തടാകത്തിന്റെ കരയിൽ ഒരു ദേവാലയം കാണാം. രാംദേവജിയെ ഹൈന്ദവർ ശ്രീകൃഷ്ണന്റെ അവതാരമായി പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ പിതാവായിരുന്ന ആജ്മൽ ദ്വാരകാധീശന്റെ ഭക്തനായിരുന്നതായി അറിവുണ്ടു്. സന്താനങ്ങളില്ലാതെ വളരെക്കാലം ദുഃഖിച്ചു കഴിഞ്ഞ ആജ്മലിനു വിക്രമവർഷം 1460—ൽ വസന്തപഞ്ചമിദിവസം ജനിച്ച മകനായിരുന്നു രാംദേവ്. പിൽക്കാലത്തു് ഒരു സിദ്ധനെന്ന നിലയിൽ അദ്ദേഹം പ്രസിദ്ധനായി. മെക്കായിൽ നിന്നു് അഞ്ചു പണ്ഡിതന്മാർ അദ്ദേഹത്തിന്റെ സിദ്ധികളെ പരീക്ഷിക്കുവാൻ വന്നെത്തിയെന്നു് ഒരു കഥയുണ്ടു്. രാംദേവ്ജിയുടെ സന്നിധിയിലെത്തിയ അവർക്കു ഭക്ഷണം നല്കിയതു് അവിടെയുണ്ടായിരുന്ന പാത്രങ്ങളിലായിരുന്നു. എന്നാൽ ആ പാത്രങ്ങളിൽ അവർ അതു സ്വീകരിക്കുവാൻ കൂട്ടാക്കിയില്ല. ഇതു കണ്ടപ്പോൾ രാംദേവജി, പണ്ഡിതന്മാർ മെക്കയിൽവച്ചു് ഉപയോഗിച്ചുവന്ന പാത്രങ്ങൾ ദിവ്യശക്തികൊണ്ടു് അടുത്തനിമിഷം വരുത്തി, അതിൽ ആഹാരം പകർന്നുകൊടുക്കുകയുണ്ടായി. അതോടെ മെക്കായിൽ നിന്നു വന്നവർക്കു സംശയങ്ങൾ ഇല്ലാതാകുകയും അവർ അദ്ദേഹത്തെ ദിവ്യനായി അംഗീകരിക്കുകയും ചെയ്തു. ഇതിനു ശേഷം മുസൽമാന്മാർ അദ്ദേഹത്തെ രാംഷാപീർ എന്ന പേരിൽ സ്വീകരിച്ചു. രാംസാർകുളം നിർമ്മിച്ചതും ഇദ്ദേഹമാണെന്നു വിശ്വസിച്ചുവരുന്നു. അവിടത്തെ വെള്ളം പല രോഗങ്ങൾക്കും പ്രതിവിധിയായി തീരാറുണ്ടെന്നാണു വിശ്വാസികളുടെ മനോഭാവം.

രാംദേവ്ജി പതിതരുടെ സമുദ്ധാരണത്തിനുവേണ്ടി അങ്ങേയററം പ്രയത്നിക്കുകയുണ്ടായി. മനുഷ്യർ തമ്മിലുള്ള വലിപ്പച്ചെറുപ്പം അദ്ദേഹം അംഗീകരിച്ചിട്ടില്ല. എല്ലാവരും സമന്മാരാണെന്ന ബോധം ബഹുജനങ്ങളിൽ ഉറപ്പിക്കുവാൻ അദ്ദേഹം പ്രയത്നിച്ചു. അദ്ഭുതകർമ്മങ്ങൾ നടത്തുവാൻ സിദ്ധികളുണ്ടായിരുന്നതിനാൽ, അനുയായികളുടെ മനസ്സും പ്രവർത്തനവും സ്വാധീനിക്കുവാൻ വിഷമമുണ്ടായില്ല. ജീവനോടെയിരിക്കുമ്പോൾ ഒരു കുഴിയിൽ സ്വയം മറയുകയാണു് അദ്ദേഹം ചെയ്തതു്. ആ കുഴിക്കുപരി ബിക്കാനീർ മഹാരാജാവു് 1931—ൽ ഒരു ദേവാലയം പണിയുകയുണ്ടായി.

ശീതളമാതാവ്

രാജസ്ഥാനിൽ മാത്രമല്ല ഭാരതത്തിലെ മിക്കവാറും പ്രദേശങ്ങളിലും മസൂരിരോഗത്തെ സംബന്ധിച്ച ദേവതമാരെക്കുറിച്ചുള്ള വിശ്വാസങ്ങൾ നിലവിലുണ്ടു്. തമിഴ്നാട്ടിൽ മസൂരി രോഗത്തെ അമ്മവിളയാട്ടം എന്നാണല്ലോ സാധാരണക്കാർ വിവക്ഷിക്കാറുള്ളതു്. കേരളത്തിലും ഇത്തരം വിശ്വാസങ്ങൾ ചിലയിടങ്ങളിലുണ്ടു്. ഉത്തരപ്രദേശത്തു "മാതാ" എന്നും "മഹാമായ"—എന്നും പശ്ചിമഭാരതത്തിൽ ചില നാടുകളിൽ "മായ് ആനമ്മ" എന്നും ഈ രോഗകാരണമായ ദേവതയെ പരാമർശിക്കാറുണ്ടു്. രാജസ്ഥാനിൽ മിക്കയിടങ്ങളിലും "ശീതളമാതാ" എന്നാണു പറയാറുള്ളതു്. ഈ രോഗത്തിനു കാരണക്കാരിയും നിയന്ത്രണക്കാരിയും ദേവിയാണെന്നാണു സങ്കല്പം. ശീതളമാതാവിന്റെ സ്മരണയിൽ "ശീൽകി ഡൂൻഗ്രി" എന്ന പേരിൽ ജയപൂർജില്ലയിൽ ഒരു ഗ്രാമംതന്നെയുണ്ടു്. ഇവിടെ ഒരു കുന്നിൻ മുകളിൽ മാതാജിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു ക്ഷേത്രം കാണാം. ജയപ്പൂരിലെ ഭരണാധികാരിയായിരുന്ന മാധോസിംഹനാണു് ഇന്നു് ഇവിടെ സ്ഥിതി ചെയ്യുന്ന ക്ഷേത്രം പണിചെയ്തതു്. ഈ ക്ഷേത്രത്തിൽ ആണ്ടുതോറും ചൈത്രകൃഷ്ണാഷ്ടമിദിവസം ഉൽസവം നടക്കുന്നു. പല പ്രദേശങ്ങളിൽ നിന്നും ഒരു ലക്ഷത്തോളം ജനങ്ങൾ ഇതിനായി കൂടാറുണ്ടു്.

ശീതളമാതാവു ഗൃഹത്തിൽ ഏതു ദിവസവും സന്ദർശിക്കാമെന്നാണു ഹൈന്ദവരുടെ വിശ്വാസം. ആ സന്ദർശനം സൗമ്യമായും സമാധാനപരമായും തീരുന്നതിനു പ്രാർത്ഥന മാത്രമാണു പോംവഴി. രോഗം വന്നാൽ മരുന്നുകളൊന്നും കഴിക്കാറു പതിവില്ല. വലിയ പനി ശാന്തമാക്കാനാണു് അമ്മ ആഗതയാകുന്നതെന്നാണു വിശ്വാസം. അധികം വെളിച്ചമില്ലാത്ത ഇടങ്ങളിൽ രോഗിയെ കിടത്തുകയാണു പതിവു്. നിശ്ചിതങ്ങളായ കർമ്മങ്ങൾ നിർവഹിക്കുകയും ചെയ്യും. മാതാവിന്റെ കോപം കഠിനമായാൽ രോഗിക്കു കണ്ണുകൾ നഷ്ടമാകും. അങ്ങനെയായാൽ മാതാവിന്റെ നിശ്ചയം അതാണെന്നു കരുതി വിധി സ്വീകരിക്കുകയേ ജനങ്ങൾ ചെയ്യാറുള്ളു.

തേതാജി

നാട്ടിലെ കന്നുകാലിസമ്പത്തിന്റെ സംരക്ഷകനെന്നു വിശ്വസിക്കപ്പെടുന്ന തേജാജിയുടെ പേരിൽ രാജസ്ഥാനിലെ നാഗൗർ ജില്ലയിൽപ്പെടുന്ന പർബസ്റ്ററിൽ ഒരു കന്നുകാലിമേള ഓഗസ്റ്റ്, സെപ്ററംബറിൽ നടക്കുക പതിവുണ്ടു്. ഇതു് ആരംഭിച്ചതു് 1695 എ. ഡി. മുതലാണു്. അതിനുമുമ്പു് ഇതു നടന്നിരുന്നതു സുർസുരയിൽ ആയിരുന്നു.

തേജാജി നാഗൗർജില്ലയിൽ കാർനൽ എന്ന സ്ഥലത്താണു ഭൂജാതനായതു്. പശുക്കളെ മേയ്ക്കുകയായിരുന്നു ബാലനായിരുന്നപ്പോൾ മുഖ്യമായ തൊഴിൽ. പ്രായപൂർത്തിയായശേഷവും അതുതന്നെ തുടർന്നുപോന്നു. ഒരവസരത്തിൽ ഒരു പ്രത്യേക കാര്യം ശ്രദ്ധേയമായി അദ്ദേഹത്തിനു തോന്നി. ഒരു കറവപ്പശു എന്നും ഒരു നിശ്ചിതസ്ഥാനത്തു പോകുന്നതായിട്ടാണു് അദ്ദേഹം കണ്ടതു്. ഒരു ദിവസം ഇതിന്റെ രഹസ്യം കണ്ടെത്താനായി പശുവിനെ പിൻതുടർന്നു. പശു തറയിലുള്ള ഒരു പുററിനു സമീപം ചെന്നുനിന്നു പാൽ ചുരത്തിയൊഴിക്കാൻ തുടങ്ങി. പുററിനുള്ളിൽ ഒരു സർപ്പം പാർക്കുന്നുണ്ടെന്നും അതിന്റെ ആവശ്യത്തിനാണു പാൽ വീഴ്ത്തുന്നതെന്നും അദ്ദേഹത്തിന്റെ നിരീക്ഷണം വ്യക്തമാക്കി. ഇതു പശുവിന്റെ ഉടമസ്ഥനു നഷ്ടം വരുന്ന കാര്യമായതിനാൽ, നിത്യവും പാൽ താൻതന്നെ സർപ്പത്തിനെത്തിക്കാമെന്നും പശുവിനെ അന്യരറിയാതെ ഇങ്ങനെ ദുരുപയോഗപ്പെടുത്തരുതെന്നും സർപ്പത്തിനെ തേജാ അറിയിച്ചു. സർപ്പവും അതിനു സമ്മതിച്ചു. കാര്യങ്ങൾ അങ്ങനെ തെററാതെ നടന്നു. എന്നാൽ ഭാര്യാപിതാവിന്റെ വീട്ടിലേക്കു് ഒരു ദിവസം യാത്രയാകുവാൻ തേജ നിർബന്ധിതനായി. അന്നു സർപ്പത്തിനു പാൽ യഥാസമയം എത്തിക്കുവാനും ഇടയായില്ല. സർപ്പം കോപാകുലനായി, യാത്ര ചെയ്തുകൊണ്ടിരുന്ന തേജായെ ഇടയ്ക്കു വഴിയിൽവച്ചു കടിക്കുവാൻ ശ്രമിച്ചു. തെററ് തേജാജി ഏററു. അതു പൊറുത്തു് അടിയന്തരമായ യാത്ര തുടരുവാൻ അനുവദിക്കണമെന്നു സർപ്പത്തോടു യാചിച്ചു. വൈരാഗ്യമുണ്ടെങ്കിൽ മടങ്ങിവരുമ്പോൾ സർപ്പത്തിനു കടിക്കാം. അതിനു സർപ്പവും സമ്മതിച്ചു. തേജാ കൃഷ്ണഗാറിലേക്കു യാത്രയുമായി. അവിടെയെത്തിയപ്പോൾ കള്ളന്മാരിൽനിന്നു പശുക്കളെ രക്ഷിക്കുന്നതിനുവേണ്ടിയുണ്ടായ ഒരു ലഹളയിൽ തേജാ ക്ഷതനായി. എങ്കിലും നേരത്തെ നിശ്ചയിച്ചതുപോലെ മടങ്ങുവാൻതന്നെ തീരുമാനിച്ചു. സർപ്പം അയാളുടെ യാത്രയും കാത്തു കഴിയുകയായിരുന്നു. കരാറനുസരിച്ചു കടിക്കുവാൻ സർപ്പം അയാളെ സമീപിച്ചപ്പോൾ, കള്ളന്മാരിൽനിന്നുണ്ടായ മുറിവുകൾ ഇല്ലാത്ത ഒരിടവും ശരീരത്തിലില്ലെന്നാണു കണ്ടതു്. ഒട്ടും മടി കാണിക്കാതെ തേജാ തന്റെ വായ് തുറന്നു നാക്കു പുറത്തേക്കു കാണിച്ചു് അവിടെ സർപ്പത്തെ കടിക്കുവാൻ അനുവദിച്ചു. സർപ്പം അവിടെ ദംശിക്കുകയും വിഷമേററ് തേജാ ഉടനടി മരിക്കുകയും ചെയ്തു. എന്നാൽ മരിക്കുന്നതിനുമുമ്പു തേജായ്ക്കു് സർപ്പം ദിവ്യത്വം നല്കുകയുണ്ടായി എന്നാണു ജനവിശ്വാസം. അതിനാൽ സർപ്പദംശമേററ ആളുകൾക്കു തേജാജിയുടെ അനുഗ്രഹത്താൽ വിഷമോചനം ഉണ്ടാകുമെന്നും വിശ്വസിക്കുന്നു. അശ്വാരൂഢനായ തേജാജിയുടെ നാക്കിൽ സർപ്പം ദംശിക്കുന്നതായുള്ള രൂപം രേഖപ്പെടുത്തിയിരിക്കുന്ന "രക്ഷ" ജാത് ജാതിക്കാർ അണിയാറുണ്ടു്. തേജാജിയുടെ സ്മരണയിൽ നടന്നുവരുന്ന ഉൽസവവേളയിൽ കന്നുകാലിമേളയും പർബസ്റ്ററിൽ നടന്നുവരുന്നു.